STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

No. B2/1837/19/SCOLE-Kerala Date: 09.05.2019

സ്വീകർത്താവ്

**പ്രിൻസിപ്പാൾ**

..........................................................

..........................................................

..........................................................

സർ,

വിഷയം : സ്കോൾ കേരള- ഡി.സി.എ കോഴ്സ് (നാലാം ബാച്ച്) പരീക്ഷ നോട്ടിഫിക്കേഷൻ - സംബന്ധിച്ച്

സൂചന : 06.05.2019 ലെ ഡി.സി.എ പരീക്ഷ നോട്ടിഫിക്കേഷൻ

സ്കോൾ-കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് നാലാം ബാച്ചിന്റെ പൊതുപരീക്ഷ സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് www.scolekerala.org എന്ന സ്കോൾ-കേരള വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരീക്ഷയുടെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ പരിപൂർണ സഹകരണം പ്രതീക്ഷിക്കുന്നു. പ്രസ്തുത പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചില പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 അതാത് പഠനകേന്ദ്രം പ്രിൻസിപ്പാൾമാരായിരിക്കും പരീക്ഷാ ചീഫ് സൂപ്രണ്ടുമാർ.

2 ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെയും ഇൻവിജിലേറ്ററിനെയും ചീഫ് സൂപ്രണ്ട് തെരഞ്ഞെടുത്ത് അവരുടെ പേര്, തസ്തിക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി അംഗീകാരത്തിനായി 10.05.2019 ന് മുമ്പ് സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര- 12 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

3 പരീക്ഷയെ സംബന്ധിക്കുന്ന എല്ലാ അറിയിപ്പുകളും സർക്കുലറുകളും സ്കോൾ-കേരള പോർട്ടൽ വഴി മാത്രം നൽകുന്നതിനാൽ എല്ലാ പ്രിൻസിപ്പാൾമാരും എല്ലാ ദിവസവും സ്കോൾ-കേരള പോർട്ടൽ പരിശോധിക്കേണ്ടതാണ്.

4 വിദ്യാർത്ഥികൾ, പരീക്ഷാ സംബന്ധമായ പരാതികളും, സംശയങ്ങളും പ്രിൻസിപ്പാൾമാരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യം സ്കോൾ-കേരളയുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തേണ്ടതാണ്.

5 പരീക്ഷ നടത്തിപ്പിനായി സ്കോൾ-കേരള അനുവദിക്കുന്ന മുൻകൂർ തുകയുടെ കണക്ക് തീർപ്പാക്കേണ്ടത് ചീഫ് സൂപ്രണ്ടിന്റെ ചുമതലയാണ്. മുൻകൂർ തുകയുടെ കണക്ക് തീർപ്പാക്കുന്നതിനാവശ്യമായ ഫാറങ്ങൾ സ്കോൾ-കേരള വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുത്ത് ഉപയോഗിക്കേണ്ടതാണ്.

6 സ്കോൾ-കേരള ഡി.സി.എ പരീക്ഷ ജോലിക്കായി നിയമിക്കുന്ന ചീഫ് സൂപ്രണ്ട്; ഡെപ്യൂട്ടി സൂപ്രണ്ടുമാർ, ഇൻവിജിലേറ്റർമാർ തുടങ്ങിയവരുടെ ചുമതലകൾ പരീക്ഷ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

C1/E/Scole/B2/Letters//1